(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഡി. പി. ആർ. കിഫ്ബി അംഗീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് പുതിയതായി ഏതൊക്കെ സ്ഥലങ്ങളിലാണ് തിയേറ്റർ നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണം പുരോഗമിച്ചുവരുന്നു. പേരാമ്പ്ര, കാക്കനാട്, വൈക്കം, പായം, താനൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണത്തിന് പുതിയതായി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

കെ.ജി. സത്താറെന്ന അബൂസത്താർ ബാവയ്ക്ക് സ്മാരകം

292(5740) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തോളം മാപ്പിളപ്പാട്ടുകളും നിരവധി ലളിതഗാനങ്ങളും നാടകഗാനങ്ങളും എഴുതി, ചിട്ടപ്പെടുത്തി, പാടിയിട്ടുള്ള തൃശ്ശൂർ എളവള്ളി പഞ്ചായത്തിലെ പൂവത്തൂർ സ്വദേശി കെ. ജി. സത്താറെന്ന അബൂസത്താർ ബാവയ്ക്ക് ഉചിതമായ ഒരു സ്മാരകം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരവധി പുരസ്കാരങ്ങളും പ്രശംസാ പത്രങ്ങളും നേടിയ കെ.ജി. സത്താറിന്റെ ഓർമ്മ നിലനിർത്തുന്നതിന് സമുചിതമായ ഒരു സാംസ്കാരിക കേന്ദ്രം മണലൂർ നിയോജകമണ്ഡലത്തിലെ പൂവത്തൂൽ കേന്ദ്രമാക്കി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക മ്യൂസിയം

293(5741) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly